പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1509 — 15.06.2012 ൽ മറുപടിയ്ക്ക്

## കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ

**ചോദ്യം**

**ശ്രീ.എം. ഉമ്മർ**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ) | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഗുണഭോക്താക്കളായി എത്ര കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) | മൊത്തം 267 അപേക്ഷകരിൽ നിന്ന് 62 കുട്ടികളെ സർജറിക്കായി ബന്ധപ്പെട്ട റീജിയണൽ ടെക്നിക്കൽ കമ്മറ്റികൾ ശുപാർശ ചെയ്തിട്ടുണ്ട് |
| ബി | ഈ പദ്ധതിയുടെ മാതൃകയിൽ അംഗവൈകല്യമുള്ള കുട്ടികളുടെ വൈകല്യങ്ങൾ മാറ്റുന്നതിനായി പദ്ധതി ആവിഷ്ക്കരിക്കുമോ ; | ബി | വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും, തൊഴിലിനും, പുനരധിവാസത്തിനുമായി സംസ്ഥാന സർക്കാർ 2012-13 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ മിഷൻ മോഡ് രൂപത്തിൽ 'നിഷ്' മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| സി | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഹിയറിംഗ് എയ്ഡ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ? | സി | ADIP പദ്ധതി പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഹിയറിംഗ് എയ്ഡ് നൽകുന്ന പദ്ധതി നിലവിൽ ഉണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ